മെഡിക്കൽ കോളേജും അതിൽ നിന്ന് ഡിലീറ്റ് ചെയ്തിരിക്കുന്നു. ആ കാര്യത്തിൽ അടിയന്തിരമായ നടപടി സ്വീകരിക്കുകയും പാവപ്പെട്ട രോഗികൾക്ക് കിട്ടിക്കൊണ്ടിരുന്ന ചികിൽസാ സഹായം തുടർന്നും ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുകയും ചെയ്യണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ഹൃദയ ശസ്ത്രക്രിയ നടത്തുന്ന നിർദ്ധന രോഗികൾക്ക് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ലഭിക്കുന്ന ധനസഹായം അനുവദിക്കുന്നത് നിർത്തിവെച്ചതായി കേന്ദ്ര സർക്കാരിൽ നിന്നും അറിയിപ്പൊന്നും ഗവൺമെൻറിന് ഔദ്യോഗികമായി കിട്ടിയിട്ടില്ല. കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ 10.6.2005-ൽ 10,000 രൂപയുടെ ഒരു ഡിമാൻറ് ഡ്രാഫ്റ്റ് പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്നും കിട്ടിയിട്ടുണ്ട്. കോഴിക്കോട് ഈ ജൂൺ മാസം വരെ 5 പേരുടെ ചികിൽസക്കായി 1,12,500 രൂപ കിട്ടിയിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ 2004 സെപ്തംബർ വരെ കിട്ടിയിട്ടുണ്ട്.

മി. ചെയർമാൻ: ഇത് നിർത്തിവയ്ക്കുന്നതായി പത്രവാർത്തയുണ്ടായിരുന്നു.

ശ്രീ. ഉമ്മൻചാണ്ടി: എന്നാലും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിക്കുകയും ആ കത്തിൻെറ കോപ്പി വായിക്കുകയും ചെയ്ത സ്ഥിതിക്ക് ആ കത്തിൻെറ കോപ്പി കൂടി വാങ്ങിക്കൊണ്ട് ഞാൻ തന്നെ നേരിട്ട് പ്രധാനമന്ത്രിയുടെ അടുത്ത് ഈ കാര്യം take up ചെയ്യാം. സഹായം നൽകുന്നത് നിർത്തിവയ്ക്കുക എന്നുള്ള ഒരു തീരുമാനത്തോട് ഒരു കാരണവശാലും യോജിക്കാൻ നമുക്ക് നിവൃത്തിയില്ല. കാരണം പ്രധാനമന്ത്രിയുടെ ധനസഹായംകൊണ്ട് വളരെയധികം ആളുകൾക്ക് വളരെ കോസ്റ്റ്ലി ആയിട്ടുള്ള ട്രീറ്റുമെൻറ് നടത്തുന്നതിന് കഴിഞ്ഞ കാലങ്ങളിൽ സാധിച്ചിട്ടുണ്ട്. ഭാവിയിലും അത് വേണം. ആ കത്തിൻെറ കോപ്പി എനിക്കു തരണം. ആ കത്തിൻെറ അടിസ്ഥാനത്തിൽ പ്രധാനമന്ത്രിയുമായി ബന്ധപ്പെട്ട് അങ്ങനെ നിർത്തിവയ്ക്കുന്നതായ തീരുമാനത്തിൽ മാറ്റം വരുത്തുന്നതാണ്.

(2) പാലാരിവട്ടം സ്വദേശി അനിൽകുമാറിൻെറ കൊലപാതകം

ശ്രീ. കെ. ബാബു: സർ, എൻെറ നിയോജകമണ്ഡലത്തിൽ പാലാരിവട്ടത്തിനടുത്തുള്ള 31 വയസ്സുകാരൻ അനിൽകുമാർ എന്ന ക്യാമറാമാൻ 4-7-2005-ന് വെളുപ്പിന് ഗുരുവായൂർ വഴി ബാംഗ്ലൂരിലേക്ക് പോകുകയും ബാംഗ്ലൂരിലുള്ള ജനതാ ലോഡ്ജിൽ 116-ാം നമ്പർ മുറിയിൽ താമസിക്കുകയും ചെയ്തു. അദ്ദേഹത്തോടൊപ്പം വേറെ മൂന്നുപേരുംകൂടിയുണ്ടായിരുന്നു. എന്നാൽ ഒരാഴ്ച മുമ്പ് അവരുടെ വീടുകളിൽ അറിയാൻ കഴിഞ്ഞത് അദ്ദേഹം ദാരുണമായി കൊലചെയ്യപ്പെട്ടുവെന്നും ബാംഗ്ലൂരിൽ തന്നെ ശവസംസ്കാരം നടത്തിയെന്നുമാണ്. ഇതൊരു നീചമായ കൊലപാതകമാണ്. പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ നിന്ന് മനസ്സിലായിട്ടുള്ളത് കഴുത്തു ഞെരിച്ചു കൊന്നുവെന്നാണ്. ഇത് ഇപ്പോഴും മാത്രമേ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാൻ സാധിച്ചിട്ടുള്ളൂ ഇന്നലെയാണ് ഈ വിവരം എനിക്കും മനസ്സിലാക്കാൻ അവസരമുണ്ടായത്. കർണ്ണാടക ഗവൺമെൻറുമായി ബന്ധപ്പെട്ടുകൊണ്ട് ഈ കൊലപാതകം തെളിയിക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം കർണ്ണാടക ഗവൺമെൻറുമായി അടിയന്തിരമായി ബന്ധപ്പെട്ട്, കർണ്ണാടക പോലീസുമായി ബന്ധപ്പെട്ട് ഇതുസംബന്ധിച്ചുള്ള വിശദമായ വിവരങ്ങൾ അറിയുകയും ഇത് കൊലപാതകമാണെങ്കിൽ അതിനാവശ്യമായ നിയമനടപടികൾ എടുക്കുന്നതിന് പ്രത്യേകമായി നിർദ്ദേശം കൊടുക്കുകയും ചെയ്യാം.

(3) ആലത്തൂർ മണ്ഡലത്തിൽ പ്ലസ്ടു സ്ക്കൂളുകൾ അനുവദിക്കണമെന്ന ആവശ്യം

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഞാൻ പ്രതിനിധാനം ചെയ്യുന്ന ആലത്തൂർ അസംബ്ലി നിയോജകമണ്ഡലം പരിധിയിലെ വിദ്യാർത്ഥികൾക്ക് പ്ലസ് ടു പഠനത്തിന് സൗകര്യം വളരെ കുറവാണ്. ആലത്തൂർ അസംബ്ലി നിയോജകമണ്ഡലത്തിന്റെ പരിധിയിലുള്ള പഞ്ചായത്തുകളിൽ 13 എയ്ഡഡ് സ്ക്കൂളുകളിൽ നിന്നും രണ്ട് ഗവൺമെൻറ് സ്ക്കൂളുകളിൽ നിന്നും ഒരു Un Aided School-ൽ നിന്നുമായി നാലായിരത്തോളം വിദ്യാർത്ഥികളാണ് പ്രതിവർഷം എസ്.എസ്.എൽ.സി. പാസ്സാകുന്നത്. ഇതിനു പുറമെ പ്രൈവറ്റായി പരീക്ഷ എഴുതുന്ന കുട്ടികളും ഇതിന്റെ കൂടെ വരും. ഇവർക്ക് ഉപരിപഠനം നടത്തുന്നതിനായി ആറ് സ്ക്കൂളുകളിലാണ് ഇപ്പോൾ നിലവിൽ പ്ലസ് ടു ഉള്ളത്. 1200 സീറ്റാണ് 6 സ്ക്കൂളുകളിലായി ഉള്ളത്. ഇപ്പോൾ 10% വർദ്ധിപ്പിച്ചപ്പോൾ അത് 1320 സീറ്റായി. നാലായിരത്തിൽപ്പരം വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. ജയിക്കുമ്പോൾ 1320 സീറ്റ് മാത്രമുള്ള സ്ഥാനത്ത് 2500-ൽപ്പരം വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് സൗകര്യമില്ലെന്നുള്ള യാഥാർത്ഥ്യം നിലനിൽക്കുകയാണ്. ഇപ്പോൾ പ്ലസ് ടു ഉള്ള വടക്കൻചേരി പെരുപുഷ്പം കോൺവെൻറ് സ്ക്കൂൾ, അതുപോലെ ആലത്തൂർ എ.എസ്.എം.എം. ഹയർ സെക്കണ്ടറി സ്ക്കൂൾ, ഗവൺമെൻറ് ഗേൾസ് ഹയർ സെക്കണ്ടറി സ്ക്കൂൾ തുടങ്ങിയവയിൽ ഇപ്പോൾ തൃശ്ശൂരിൽ നിന്നുംപ്പെടെയുള്ള കുട്ടികളാണ് വന്നു പഠിക്കുന്നത്. അവർക്ക് അവിടെ വന്നു പഠിച്ച് തിരിച്ചുപോകാനുള്ള യാത്രാസൗകര്യമുണ്ടെന്നുള്ളതുകൊണ്ട് നല്ല മാർക്ക് കിട്ടിയ പാലക്കാട് ടൗണിലും അതുപോലെ തൃശ്ശൂർ ടൗണിലുമൊക്കെയുള്ള കുട്ടികളാണ് ഈ സ്ക്കൂളിൽ പ്രവേശനം നേടുന്നത്. ഇവിടെ പഠിച്ചു ജയിക്കുന്ന കുട്ടികൾക്ക് പ്രവേശനം കിട്ടുന്നില്ല. ആലത്തൂർ മണ്ഡലത്തിലെ സാധാരണക്കാരായ കൃഷിക്കാരുടെയും കർഷകത്തൊഴിലാളികളുടേയും ഇതര തൊഴിലാളി വിഭാഗത്തിൽപ്പെട്ട പാവപ്പെട്ട കുട്ടികൾക്ക് വലിയ മാർക്കൊന്നും കിട്ടില്ല. അതുകൊണ്ട് അവർക്ക് പ്രവേശനം കിട്ടുന്നില്ല. വലിയ മാർക്കുള്ള മറ്റു ജില്ലകളിലെ കുട്ടികളുൾപ്പെടെ അവിടെവന്ന് പഠിക്കുന്നതുകൊണ്ട് ഇവിടെയുള്ള പ്രദേശത്തെ പാവപ്പെട്ട കുട്ടികൾക്ക് പഠിക്കാൻ കഴിയുന്നില്ല എന്നുള്ള യാഥാർത്ഥ്യം നിലനിൽക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ ഇവിടെ സർക്കാരിന്റെ നിയന്ത്രണത്തിൽ രണ്ട് സ്ക്കൂളുകളുണ്ട്. ഗവൺമെൻറ് ഹയർ സെക്കണ്ടറി സ്ക്കൂൾ കിഴക്കഞ്ചേരി, അതുപോലെ ഗേൾസ് ഹയർ സെക്കണ്ടറി സ്ക്കൂൾ ആലത്തൂർ. ഈ രണ്ട് സ്ക്കൂളുകളിലും പുതിയ പ്ലസ് ടു ബാച്ച് അനുവദിക്കാവുന്നതാണ്. അതിനുള്ള എല്ലാ സൗകര്യങ്ങളുമുണ്ട്. അതിനുപുറമേ മൂന്ന് പഞ്ചായത്തുകളിൽ പ്ലസ് ടു പഠനത്തിന് സൗകര്യമില്ല. പുതുക്കോട് സർവ്വജനാ ഹൈസ്ക്കൂൾ ഇപ്പോൾ ഗവൺമെൻറ് ഏറ്റെടുത്തിരിക്കുകയാണ്. പുതുക്കോട് സർവ്വജനാ ഹൈസ്ക്കൂൾ ഒരു ട്രസ്റ്റിന്റേതാണ്. ഇപ്പോൾ അത് ഗവൺമെൻറ് ഏറ്റെടുത്തിട്ടുണ്ട്. 3500-ഓളം കുട്ടികൾ പഠിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly